പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 92 — 26.09.2011 ൽ മറുപടിക്ക്

## ഗവൺമെന്റ് പരസ്യം നൽകിയതു സംബന്ധിച്ച വിവരങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സർക്കാരിന്റെ നേട്ടങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും, അച്ചടി മാധ്യമങ്ങളിലും സർക്കാർ പരസ്യം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഓരോ വകുപ്പും, 15.09.2011 വരെ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിൽ പരസ്യത്തിനായി ചെലവഴിച്ച തുക, മാധ്യമങ്ങളുടെ പേരും, നൽകിയ തുകയും, ഓരോ മാധ്യമത്തിനും എത്ര തവണ വീതം പരസ്യം നൽകിയിട്ടുണ്ട് എന്നും ഇനംതിരിച്ച് വ്യക്തമാക്കാമോ ; പരസ്യം നൽകുന്നതിന് ഏതെങ്കിലും ഏജൻസിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണ് ; | (ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

(സി) നൂറുദിന കർമ്മപരിപാടിയുടെ പ്രചാരണത്തിന് ഇത്തരത്തിൽ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിൽ എത്ര തവണ വീതമാണ് പരസ്യം നൽകിയിരുന്നത് ; ഓരോ വിഭാഗത്തിനും ഇതിനായി ചെലഴിച്ച തുക , മാധ്യമങ്ങളുടെ പേരും, നൽകിയ തുകയും സഹിതം ഇനംതിരിച്ച് വ്യക്തമാക്കുമോ ?

(സി) നൂറ്ദിന കർമ്മ പരിപാടിയുടെ പ്രചാരണത്തിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ രണ്ടാഴ്ചക്കാലം പരസ്യം നൽകിയിട്ടുണ്ട്. ടി.വി. ചാനലുകളിൽ ആദ്യത്തെ ആഴ്ചയിൽ നാല് പ്രാവശ്യവും രണ്ടാമത്തെ ആഴ്ചയിൽ രണ്ട് പ്രാവശ്യവും എഫ്.എം. റേഡിയോകളിൽ നാല് പ്രാവശ്യവും വിവിധ പത്രമാധ്യമങ്ങളിൽ 57 പ്രാവശ്യവും പരസ്യം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. ബന്ധപ്പെട്ട മാധ്യമങ്ങളിൽ നിന്നും ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ